പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 225 **28-10-2026-ൽ മറുപടിയ്ക്ക്**

വന്യജീവി ആക്രമണം മൂലമുള്ള കൃഷിനാശത്തിന് നഷ്ടപരിഹാരം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. ദീപക് ജോയ്

ശ്രീ. വി. ടി. ബൽറാം

ശ്രീമതി വിദ്യാ ബാലകൃഷ്ണൻ

ശ്രീ. മുഹമ്മദ് ഷിയാസ്

മറുപടി നൽകിയ മന്ത്രി

ശ്രീ. ഷിബു ബേബി ജോൺ
(വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി)

(എ) മനുഷ്യ-വന്യജീവി സംഘർഷത്തിൽ കൃഷി നാശത്തിനുള്ള പരമാവധി നഷ്ട പരിഹാരം നിലവിലുള്ള ഒരു ലക്ഷം രൂപയിൽ നിന്ന് മൂന്ന് ലക്ഷമാക്കി വർദ്ധിപ്പിക്കുവാൻ പദ്ധതിയുണ്ടോ; വ്യക്തമാക്കുമോ;

മറുപടി: വന്യജീവി ആക്രമണം മൂലം കർഷകർക്കുണ്ടാകുന്ന നാശ നഷ്ടത്തിന് 08.01.2015-ലെ സ.ഉ (കൈ) 02/2015/വനം പ്രകാരം വനംവകുപ്പ് നിലവിൽ നൽകി വരുന്ന നഷ്ടപരിഹാരത്തിന്റെ നിരക്ക്, 100 ശതമാനമാക്കി വർദ്ധിപ്പിച്ച് 22/10/2026 ലെ സ.ഉ (കൈ) 432/2026/വനം നമ്പർ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) വന്യമൃഗങ്ങൾ നശിപ്പിക്കുന്ന തേങ്ങ, കരിക്ക്, അടയ്ക്ക, കൊക്കോ തുടങ്ങിയവയ്ക്കും നഷ്ടപരിഹാരം നൽകാൻ വകുപ്പ് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ;

മറുപടി: 22/10/2026 ലെ സ.ഉ (കൈ) 432/2026/വനം നമ്പർ ഉത്തരവ് പ്രകാരം വന്യജീവികളുടെ ആക്രമണം മൂലം തേങ്ങ, കൊക്കോ തുടങ്ങിയ കാർഷികോൽപ്പന്നങ്ങൾക്കുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് കൂടി നഷ്ടപരിഹാരം അനുവദിച്ചിട്ടുള്ളതാണ്.

(സി) നിലവിലെ ഇ-ഡിസ്ട്രിക്ട് പോർട്ടലിൽ ഇവയിൽ പലതിനും അപേക്ഷ നൽകാൻ കഴിയാത്ത സാഹചര്യം പരിഹരിക്കാൻ പദ്ധതിയുണ്ടോ; ഇരുപ്പത്തിയൊന്നു വിളകൾ നഷ്ടപരിഹാരപ്പട്ടികയിൽ ഉൾപ്പെടുത്തുമോ; വിശദമാക്കുമോ?

മറുപടി: മനുഷ്യ-വന്യജീവി സംഘർഷം മൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് നിലവിൽ വനം വകുപ്പിന്റെ തനത് ഫണ്ടിൽ നിന്നും SDRF , CMDRF മുതലായ ഫണ്ടുകളിൽ നിന്നുമാണ് ധനസഹായം അനുവദിച്ചു വരുന്നത്. ഇത്തരം വിവിധ ഫണ്ടുകളിൽ നിന്നുള്ള ധനസഹായ വിതരണ പ്രക്രിയ ഏകജാലക സംവിധാനത്തിലേക്ക് മാറ്റുന്നതിന്റെ ഭാഗമായി ഏകീകൃത പോർട്ടൽ തയ്യാറാക്കുന്ന പ്രവൃത്തി പുരോഗമിച്ചു വരുന്നു. ഏകികൃത പോർട്ടൽ പ്രവർത്തനസജ്ജമാകുന്നതോടെ നിലവിലെ പോരായ്മകൾക്ക് പരിഹാരമാകുന്നതാണ്.

08.01.2015- ലെ സ ഉ (കൈ) 02/2015/വനം പ്രകാരം വനംവകുപ്പ് നിലവിൽ നൽകി വന്നിരുന്ന കൃഷിനാശത്തിനുള്ള നഷ്ടപരിഹാരത്തിന്റെ നിരക്ക്,100 ശതമാനമാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിൽ പരാമർശിച്ചിട്ടുള്ള വിളകൾക്കു പുറമേ തേങ്ങ, കൊക്കോ എന്നീ കാർഷിക ഉൽപ്പന്നങ്ങൾക്കും നഷ്ടപരിഹാരം ഏർപ്പെടുത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ